**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1940-</u>**

**<u>2018 മാർച്ച് 08- നുള്ള മറുപടിയ്ക്ക്</u>**

<u>സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ്</u>

| | ചോദ്യം<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ 2017-2018 ലെ മുൻഗണനാപ്പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇനി എത്ര പേർക്ക് തുക അനുവദിക്കാനുണ്ട്. | സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ 2017-18 ലെ സംസ്ഥാനതല സംയോജിത മുൻഗണനാപ്പട്ടികയിൽ ആകെ 2889 അപേക്ഷകൾ ആണുള്ളത്. അതിൽ ഒന്നാം ഘട്ടത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുവാനായി തുക വിവിധ വകുപ്പുകളിലേക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി 2545 അപേക്ഷകളാണ് പട്ടികയിൽ അവശേഷിക്കുന്നത്. |
| (ബി) | ഇതിനായി 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര തുക അനുവദിച്ചു; ബാക്കി എത്ര എന്നറിയിക്കുമോ: | 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്കായി 231 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ 50 കോടി രൂപ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുവാനായി വിവിധ വകുപ്പുകളിലേക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി ബഡ്ജറ്റിൽ അവശേഷിക്കുന്നത് 181 കോടി രൂപയാണ്. |
| (സി) | 2017-2018 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി അനുവദിച്ച തുക മുഴുവനായും വിനിയോഗിച്ചോ; കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പയ്ക്കുള്ള സംയോജിത മുൻഗണനാലിസ്റ്റിലുള്ളവർക്ക് നിലവിലുള്ള ചട്ടപ്രകാരം താമസിയാതെ HBA അനുവദിക്കുന്നതാണ് തുടർന്ന് എല്ലാ വശങ്ങളും പരിഗണിച്ച് പുതിയ ഭവന നിർമ്മാണ വായ്പ അപേക്ഷകൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | എച്ച്.ബി.എ.സർക്കാർ നൽകുന്നത് നിറുത്തലാക്കി ബാങ്കുകളെ ഏൽപ്പിക്കാനുള്ള തീരുമാനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നൽകുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്ര കോടി രൂപയെന്ന് കണക്കാക്കിയിട്ടുണ്ടോ; | |
| (ഇ) | 2018-2019 വർഷത്തെ ബഡ്ജറ്റിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത് എന്നറിയിക്കുമോ; ഈ തുക മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അനുവദിക്കാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | 2018-19 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായി 145 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 2018-19 വർഷത്തെ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടിക നിലവിൽ വന്നിട്ടില്ല. ആയതിനാൽ, 2018-19-ൽ എത്ര സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ആകെ എത്ര തുക ഭവന നിർമ്മാണ വായ്പയായി നൽകേണ്ടിവരും എന്ന വിവരം ഇപ്പോൾ അറിയില്ല. |

സെക്ഷൻ ഓഫീസർ